# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1693. | 16-6-2014 -ൽ മറുപടിയ്ക്ക്. |

**എം.എൽ.എ. മാരുടെ പി.എ. മാർക്ക് ഫയൽ സംബന്ധമായ വിവരങ്ങൾ ലഭ്യമാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ. | ശ്രീ.ഉമ്മൻചാണ്ടി, മുഖ്യമന്ത്രി. |
| (എ) എം.എൽ.എ.മാരുടെ പി.എ.മാർ ഫയലുകളുടെ പുരോഗതിയും വിവരങ്ങളും അന്വേഷിച്ച് ഓഫീസുകളിലും സെക്ഷനുകളിലും ചെല്ലുമ്പോൾ അവർക്ക് വ്യക്തമായ മറുപടി നൽകാൻ പല ഉദ്യോഗസ്ഥരും മടിക്കുന്നത് സംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) വിവരം ശേഖരിച്ചു വരുന്നു. |
| (ബി) ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്നു പറയുമോ; 18-2-2013-ൽ പാർലമെന്ററി കാര്യ വകുപ്പിൽ നിന്നും 441/എ2/2013 നമ്പരായി ഇറക്കിയിരുന്ന പരിപത്രം എല്ലാ ഓഫീസുകളിലും നൽകാത്തത് എന്തു കൊണ്ടാണെന്ന് പറയാമോ; പരിപത്രം എല്ലാ ഓഫീസുകളിലും സെക്ഷനുകളിലും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) 18-2-2013-ലെ 441/എ2/2013/ പാ.കാ.വ. നമ്പർ പരിപത്രം എല്ലാ വകുപ്പുകളിലും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പ്രസ്തുത പരിപത്രത്തിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് എല്ലാ വകുപ്പദ്ധ്യക്ഷൻമാരും ഉറപ്പു വരുത്തണമെന്നും അവരുടെ ചുമതലയിലുള്ള വകുപ്പുകളുടെ മേധാവികൾക്കും ഓഫീസുകൾക്കും ഇക്കാര്യത്തിൽ കർശന നിർദ്ദേശം നൽകേണ്ടതുമാണെന്നും 11-2-2014-ലെ ഇതേ നമ്പർ സർക്കുലർ പ്രകാരം വീണ്ടും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ